**കേരള സർക്കാർ**

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആർദ്രം പദ്ധതി - കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും - പുനഃനിർവചിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ(പി) നം.116/2018/ആ.കു.വ　　　　　തീയതി, തിരുവനന്തപുരം, 23.08.2018.

പരാമർശം: 1. സ.ഉ (പി) നം.254/2003/ആ.കു.വ, തീയതി 9.12.2003

2. സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോർസ് സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 14.06.2018 ലെ അഡ്മിൻ.10/2017/എസ്.എച്ച്.എസ്.ആർ.സി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആർദ്രം പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നതനുസരിച്ച് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറുന്ന സാഹചര്യത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും അനുബന്ധത്തിൽ കാണിച്ചിരിക്കുന്ന പ്രകാരം, പുനഃനിർവചിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രാജീവ് സദാനന്ദൻ,**
അഡീഷണൽ ചീഫ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റം റിസോഴ്സ് സെന്റർ-കേരള, തൈക്കാട്, തിരുവനന്തപുരം.
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യം) (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം).
ആരോഗ്യ കുടുംബക്ഷേമ (എം)/(എഫ്.ഡബ്ലിയു) വകുപ്പ്,
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

Milan

സെക്ഷൻ ഓഫീസർ.

# അനുബന്ധം

## കുടുംബാരോഗ്യ കേന്ദ്രത്തിലെ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും

### I ഭരണപരവും പൊതുവായതുമായ ഉത്തരവാദിത്തങ്ങൾ

**I.1** കുടുംബാരോഗ്യ കേന്ദ്ര ടീമിന്റെ സജീവ അംഗം എന്ന നിലയിൽ പി.എച്ച്.എൻ, ഫീൽഡ് തലത്തിൽ എച്ച്.ഐ, ജെ.പി.എച്ച്.എൻ, ജെ.എച്ച്.ഐ, ആശ, അങ്കൻവാടി പ്രവർത്തകർ, ആരോഗ്യ സേനാംഗങ്ങൾ, സമൂഹത്തിലെ മറ്റു ഉത്തരവാദിത്തപ്പെട്ട വ്യക്തികൾ എന്നിവരെ ഏകോകിപ്പിച്ചുകൊണ്ട് പ്രജനന, മാതൃ, നവജാത, ശിശു, കൗമാര ആരോഗ്യ സേവന പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

**I.2.** കുടുംബാരോഗ്യ കേന്ദ്ര ടീം അംഗമെന്ന നിലയിൽ നിയുക്ത പ്രദേശത്തെ ഓരോ വ്യക്തിയ്ക്കും സമഗ്ര പ്രാഥമികാരോഗ്യ പരിരക്ഷ ലഭിച്ചു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**I.3.** തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഔദ്യോഗിക ചുമതലയുള്ള ആളെന്ന നിലയിൽ തദ്ദേശ സ്വയംഭരണം, സാമൂഹ്യ നീതി, വനിതാ ശിശു വികസന വകുപ്പ്, കൃഷി, മൃഗസംരക്ഷണം, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളുടെയും മറ്റ് അനുബന്ധ വകുപ്പുകളുടെയും ഏകോപനത്തിലൂടെ പഞ്ചായത്ത് തലത്തിൽ ആരോഗ്യ അനുബന്ധ സാമൂഹ്യ ഘടകങ്ങളെ സംബോധന ചെയ്യേണ്ടതാണ്.

**I.4.** പബ്ലിക് ഹെൽത്ത് നഴ്സ് കൺകറന്റ് സൂപ്പർവിഷൻ, കോൺസിക്യൂട്ടീവ് സൂപ്പർവിഷൻ എന്നിവ പ്രവർത്തന പ്രദേശത്ത് നടത്തേണ്ടതാണ്.

**I.5.** വാർഡ് തല പോഷണ ശുചിത്വ കമ്മിറ്റിയുടെയും ആരോഗ്യ സേനാംഗങ്ങളുടെയും പ്രതിമാസ മീറ്റിംഗ് കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഈ മീറ്റിംഗുകളിലെ തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് മേൽനോട്ടം വഹിക്കേണ്ടതാണ്.

**I.6.** ഓരോ വർഷവും ജനുവരി ഫെബ്രുവരി മാസങ്ങളിൽ കുടുംബാരോഗ്യ സർവ്വേ നടത്തി ഇ-ഹെൽത്ത് മുഖേന കുടുംബാരോഗ്യ രജിസ്റ്റർ പുതുക്കി എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

**I.7.** വാർഡ് തലത്തിൽ ജെ.പി.എച്ച്.എൻ, ജെ.എച്ച്.ഐ എന്നിവർ നടത്തുന്ന ആരോഗ്യ, ആരോഗ്യഅനുബന്ധ വിവരശേഖരണം, ക്രോഡീകരണം, വിശകലനം എന്നിവ മേൽനോട്ടം നടത്തി വാർഡ്തല വാർഷിക ആരോഗ്യ അവസ്ഥാ റിപ്പോർട്ട് (എച്ച്.എസ്.ആർ) തയ്യാറാക്കാൻ സഹായിക്കേണ്ടതാണ്. ഇതിൽ നിന്നും ആരോഗ്യ

പ്രശ്നങ്ങൾ കണ്ടെത്തുകയും അവ പരിഹരിക്കുന്നതിനായി കർമ്മ പദ്ധതികൾ തയാറാക്കുകയും ഫലപ്രദമായി നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.

I.8. സബ്-സെന്റർ തലത്തിൽ വാർഷിക എലിജിബിൾ കപ്പിൾ (ഇ.സി) റിപ്പോർട്ട് തയ്യാറാക്കി എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

I.9. പ്രജനന ആരോഗ്യവുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾക്ക് കർമ്മ പദ്ധതികൾ തയ്യാറാക്കി നിലവിലുള്ള മാർഗ്ഗ രേഖകൾക്കനുസൃതമായി ഫലപ്രദമായി നടപ്പിലാക്കുന്നതിൽ മേൽനോട്ടം വഹിക്കേണ്ടതാണ്.

I.10. സമയബന്ധിതമായി എം.സി.റ്റി.എസ്, എച്ച്.എം.ഐ.എസ്, ഇ-ഹെൽത്ത് എന്നിവ പുതുക്കി എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

I.11. ജെ.പി.എച്ച്.എൻ റിപ്പോർട്ട് ചെയ്യുന്ന പ്രദേശത്തെ പ്രധാന സംഭവങ്ങളും വിഷയങ്ങളും പരിശോധിച്ച് സമയ ബന്ധിതമായി മേലധികാരികൾക്ക് റിപ്പോർട്ട് ചെയ്യുതും ആവശ്യമെങ്കിൽ നടപടി സ്വീകരിക്കേണ്ടതുമാണ്.

I.12. സബ്സെന്റർ തലത്തിൽ നിർദ്ദേശിക്കപ്പെട്ട രജിസ്റ്ററുകളും റിപ്പോർട്ടുകളും കൃത്യമായി പരിശോധിക്കേണ്ടതാണ്.

I.13. വാക്സിനേഷൻ പരിപാടിയുമായി ബന്ധപ്പെട്ട കോൾഡ് ചെയിൻ സംവിധാനം പരിപാലിക്കേണ്ടത് പബ്ലിക് ഹെൽത്ത് നഴ്സിന്റെ ഉത്തരവാദിത്തമാണ്. വാക്സിൻ, ഐ.എൽ.ആർ, കോൾഡ് ബോക്സ്, വാക്സിൻ കാരിയർ, ഡേ കാരിയർ, ഐസ് പാക്കുകൾ തുടങ്ങിയവയുടെ സ്റ്റോക്ക് പരിപാലനവും ഇതിന്റെ ഭാഗമാണ്.

I.14. കുടുംബാരോഗ്യ രജിസ്റ്റർ, ഇ-ഹെൽത്ത്, ആരോഗ്യ അവസ്ഥാ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ വ്യക്ത്യാധിഷ്ടിത, കുടുംബാധിഷ്ടിത, വാർഡുതല ആരോഗ്യ സേവന പ്രദാന പ്ലാനുകൾ തയ്യാറാക്കുന്നതിൽ നേതൃത്വപരമായ പങ്കു വഹിക്കേണ്ടതാണ്.

I.15. പഞ്ചായത്തുതല ആരോഗ്യ സേവന പ്രദാന പ്ലാനുകൾ തയ്യാറാക്കുന്നതിലും നടപ്പിലാക്കുന്നതിലും സജീവമായി പങ്കെടുക്കേണ്ടതാണ്.

## II ക്ലിനിക്കൽ ഉത്തരവാദിത്തങ്ങൾ

II.1. **ഉച്ചയ്ക്ക് ശേഷം (2 PM - 4 PM)** കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും സംഘടിപ്പിക്കപ്പെടുന്ന ക്ലിനിക്കുകൾ, അംഗൻവാടികളിലും മറ്റ് പ്രവർത്തന പ്രദേശങ്ങളിലും നടക്കുന്ന ക്ലിനിക്കുകൾ, ക്ലാസ്സുകൾ എന്നിവയുടെ മേൽനോട്ടം നടത്തേണ്ടതാണ്.

II.2. ഫീൽഡ് തലത്തിലും, സബ്സെന്റർ തലത്തിലും ജെ.പി.എച്ച്.എൻ നടത്തി വരുന്ന പ്രാഥമികചികിൽസയുടെ മേൽനോട്ടം നടത്തേണ്ടതാണ്.

II.3. പ്രജനന മാതൃ, നവജാത ശിശു, കൗമാര ആരോഗ്യ സേവനങ്ങളുടെ ആസൂത്രണവും നടത്തിപ്പും നിയുക്ത പ്രദേശത്ത് ഉറപ്പ് വരുത്തേണ്ടതാണ്.

II.4. രോഗപ്രതിരോധ നടപടികൾ (Immunization Services) നിലവിലുള്ള മാർഗ്ഗ രേഖകൾപ്രകാരം ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

II.5. പ്രവർത്തന പ്രദേശത്തെ ആർ.എം.എൻ.സി.എച്ച്+ എ. പരിപാടി, സ്ത്രീകളിലെ ജീവിത ശൈലീ രോഗങ്ങൾ, മുതിർന്ന സ്ത്രീജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ, പാലിയേറ്റീവ് സേവനങ്ങൾക്കർഹരായ സ്ത്രീകൾ എന്നിവർക്കുള്ള സേവനങ്ങൾ ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

II.6 ഗൃഹകേന്ദ്രീകൃത സാന്ത്വന പരിചരണ പരിപാടികളിൽ പങ്കെടുത്ത് മേൽനോട്ടം വഹിക്കേണ്ടതാണ്.

II. 7 കുടുംബാരോഗ്യ കേന്ദ്രത്തിൽ വിവിധ ക്ലിനിക്കുകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

## III പൊതുജനാരോഗ്യ ഉത്തരവാദിത്തങ്ങൾ

III.1. ആസൂത്രണം ചെയ്യപ്പെട്ട പ്രജനന മാതൃ, നവജാത, ശിശു, കൗമാര ആരോഗ്യ പദ്ധതി (RMNCH+A) പ്രകാരമുള്ള സേവനങ്ങൾ ഫലപ്രദമായി, സമയ ബന്ധിതമായി നടപ്പിലാക്കുന്നതിന് മേൽനോട്ടം നടത്തുകയും അവലോകനം ചെയ്യേണ്ടതുമാണ്.

III.2. കുഞ്ഞുങ്ങളുടെയും, കൗമാരക്കാരുടെയും വളർച്ചാ തോത്, മേൽ നോട്ടവും പോഷണ സംബന്ധിയായ സേവനങ്ങളും നൽകുന്നു എന്ന് ഉറപ്പ് വരുത്തേ താണ്.

III.3. കുടുംബാരോഗ്യ കേന്ദ്ര ടീം അംഗമെന്ന നിലയിൽ ദേശീയ, സംസ്ഥാന, ജില്ലാ, ബ്ലോക്ക്, ഗ്രാമ, പഞ്ചായത്ത് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും നേതൃത്വപരമായ പങ്കാളിത്തം വഹിക്കേണ്ടതാണ്.

III.4. സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പാക്കുന്ന നിയമങ്ങളുടെ ലംഘനങ്ങൾ ജെ.പി.എച്ച്.എൻ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

III.5. പുനരധിവാസ സാന്ത്വന ചികിൽസാ സേവനങ്ങൾ ലഭ്യമാക്കേണ്ടതാണ്.

III.6. ഭിന്നലിംഗക്കരുടെ തുല്യാവകാശം ഉറപ്പ് വരുത്തേണ്ടതാണ്.

III.7. വ്യക്തിഗത, കുടുംബ, വാർഡ് തല ആരോഗ്യ സേവന പാക്കേജുകൾ ലഭ്യമാക്കുന്നതിൽ മേൽനോട്ടം വഹിക്കേണ്ടതാണ്.

III.8. സ്ത്രീകളുടെയും കുട്ടികളുടെയും നേർക്കുണ്ടാവുന്ന അതിക്രമങ്ങൾ തടയുന്ന പ്രവർത്തനങ്ങളിൽ ( ഉദാ: ജാഗ്രതാ സമിതി ) പങ്കാളിയാവുക.

III.9. ആരോഗ്യ അനുബന്ധ സാമൂഹ്യ ഘടകങ്ങൾ അഭിസംബോധന ചെയ്യുന്നതിന് സാങ്കേതിക സഹായം നൽകുക.

III.10. കുടുംബാരോഗ്യ കേന്ദ്രത്തിലെ നഴ്സുമാരുടെ ഔട്ട്റീച്ച് പ്രവർത്തനങ്ങൾക്ക് പിന്തുണയും സഹായവും നൽകേണ്ടതാണ്.

**IV ജോലി സമയവും അടിയന്തര സേവനങ്ങളും**

IV.1. രാവിലെ 9 AM മുതൽ 1 മണി വരെ - ഫീൽഡ് തല പ്രവർത്തനങ്ങൾ

IV.2. ഉച്ചയ്ക്ക് 2 PM-4 മണി വരെ - ക്ലിനിക്കുകളും, ഓഫീസ് ജോലികളും

IV.3. ആരോഗ്യ അടിയന്തരാവസ്ഥകളിൽ 24 മണിക്കൂറും സേവനം നൽകാൻ സജ്ജരായിരിക്കേണ്ടതാണ്.

*(കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഹാജർ രേഖപ്പെടുത്തിയതിന് ശേഷം ഫീൽഡ് പ്രവർത്തനത്തിനു പോകേണ്ടതാണ്. ഈ വിവരം കുടുംബാരോഗ്യ കേന്ദ്രത്തിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. ജോലി സമയത്ത് സ്വന്തം ഫീൽഡ് ഡയറി കയ്യിൽ കരുതേണ്ടതുമാണ്)*

**V പ്രവർത്തന പ്രദേശവും സന്ദർശന സ്വഭാവവും**

V.1. കാലാകാലങ്ങളിൽ പുനർ നിർവ്വചിക്കപ്പെടുന്നതനുസരിച്ച് പ്രവർത്തന പ്രദേശവും ജനസംഖ്യയും വ്യത്യാസപ്പെടുന്നതാണ്.

V.2. പ്രദേശത്തെ അംഗൻവാടികൾ, ആദിവാസി കോളനികൾ, നഗര ചേരികൾ, അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, എസ്റ്റേറ്റ് പാടികൾ എന്നിവ കർമ്മ പദ്ധതി അനുസരിച്ച് സന്ദർശിക്കേണ്ടതാണ്.

V.3. എല്ലാ റിപ്പോർട്ടുകളും സമയബന്ധിതമായി മെഡിക്കൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

V.4. **സൂപ്പർവിഷൻ**

V.4.1 പബ്ലിക് ഹെൽത്ത് നഴ്സ് ഓരോ മാസത്തിലും ഏറ്റവും കുറഞ്ഞത് ആറു തവണ കൺകറന്റ് സൂപ്പർവിഷൻ നടത്തേണ്ടതാണ്. ഇവയുടെ സമയപട്ടിക അഡ്വാൻസ് ടൂർ പ്രോഗ്രാമിൽ ഉൾപ്പെടുത്തേണ്ടതാണ്. മെഡിക്കലോഫീസറുടെ അനുവാദം ഇല്ലാതെ ഇതിൽ മാറ്റം വരുത്താൻ പാടില്ല. ഇവയുടെ പ്രതിവാര റിപ്പോർട്ടുകൾ ജില്ലാ

മെഡിക്കൽ ഓഫീസർക്ക് ഉചിതമാർഗ്ഗേണ സമയബന്ധിതമായി അയച്ചു കൊടുക്കേണ്ടതാണ്.

V.4.2 പബ്ലിക് ഹെൽത്ത് നഴ്സ് ഓരോ മാസത്തിലും ഏറ്റവും കുറഞ്ഞത് അഞ്ച് തവണ കോൺസിക്യൂട്ടീവ് സൂപ്പർ വിഷൻ നടത്തേണ്ടതാണ്. ഇവയുടെ വിശദമായ റിപ്പോർട്ടുകൾ മെഡിക്കൽ ഓഫീസർ ഇൻചാർജ്ജിന് സമർപ്പിക്കേണ്ടതുമാണ്. തുടർ സന്ദർശനവും മേൽനോട്ടവും പരിഹാര നടപടികൾ പൂർത്തീകരിക്കുന്നതു വരെ തുടരേണ്ടതും രണ്ട് മാസം കൂടുമ്പോൾ റിപ്പോർട്ട് നൽകേണ്ടതുമാണ്.

**VI വിവിധ രജിസ്റ്ററുകൾ സൂക്ഷിക്കുക**

- ജനറൽ ഇൻഫർമേഷൻ രജിസ്റ്റർ
- ബോധവൽക്കരണ രജിസ്റ്റർ
- സ്റ്റോക്ക്/വിതരണ രജിസ്റ്റർ
- ക്ലിനിക് രജിസ്റ്റർ
- ഫീൽഡ് ഡയറി
- പരിശോധന/നിർദ്ദേശ രജിസ്റ്റർ
- വിവിധ ദേശീയ/സംസ്ഥാന/ജില്ലാ/പഞ്ചായത്ത്തല ആരോഗ്യ പരിപാടി കൾക്കുള്ള പ്രത്യേക രജിസ്റ്റർ
- ഏര്യാ മാപ്പുകളും ചാർട്ടുകളും

**VII <u>പബ്ലിക് ഹെൽത്ത് നഴ്സിന്റെ പ്രധാന മേൽനോട്ട പ്രവർത്തന മേഖലകൾ താഴെ പറയുന്നവയാണ്</u>**

**VII.1** പ്രജനന മാതൃ, നവജാത, ശിശു, കൗമാര ആരോഗ്യ സേവനങ്ങൾ (RMNCH+A)

**VII.2** രോഗ പ്രതിരോധ സേവനങ്ങൾ (Immunization Services)

**VII.3** സ്ത്രീകളിലെ ജീവിതശൈലീ രോഗങ്ങൾ

**VII.4** മുതിർന്ന സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങളും, സാന്ത്വന ചികിൽസയും

**VII.5** സ്ത്രീകളുടെയും കുട്ടികളുടെയും പുനരധിവാസ സേവനങ്ങൾ

**VII.6** സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ

**VII .1. *<u>പ്രജനന, മാതൃ, നവജാത, ശിശു, കൗമാര ആരോഗ്യം</u>***

**VII .1.1** പ്രവർത്തന പ്രദേശത്തെ എലിജിബിൾ കപ്പിൾ, ഗർഭിണികൾക്കും, അമ്മമാർക്കു മുള്ള ഗർഭകാല, ഗർഭാനന്തര, ആരോഗ്യ പ്രതിരോധ വർദ്ധക പ്രവർത്തന

ങ്ങൾ നൽകി വ്യക്തിഗത, കുടുംബ സേവന പാക്കേജുകൾ നൽകുന്നതിൽ മേൽനോട്ടം വഹിക്കുക.

VII .1.2 ഉപകേന്ദ്രങ്ങളിലെ നിർദ്ദിഷ്ഠ ക്ലിനിക്കുകളുടെ പ്രവർത്തനം ഉറപ്പ് വരുത്തുക (Antenatal/ post natal, immunization , well /elderly women, adolescents).

VII.1.3 അനവസരത്തിലുള്ള ഗർഭധാരണം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ ഉറപ്പ് വരുത്തുക.

VII.1.4. ഗർഭധാരണ സാധ്യതയുള്ള എല്ലാ ദമ്പതികൾക്കും, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്കും ഉള്ള കുടുംബക്ഷേമ പ്രവർത്തനങ്ങൾ ഉറപ്പ് വരുത്തുക.

VII.1.5. അപകടസാധ്യതയുള്ള ഗർഭിണികളെ കണ്ടെത്തലും സമയബന്ധിതമായ റഫറൽ സേവനങ്ങളും ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുക.

VII.1.6. നവജാത ശിശുക്കളുടെ അവശ്യ പരിപാലനവും ഇവരിലെ അപകട സാധ്യതാ ലക്ഷണങ്ങളെ (Red flag Signs) തിരിച്ചറിഞ്ഞ് ഉടനടി റഫറൽ സേവനങ്ങൾ നൽകുന്നു എന്ന് ഉറപ്പ് വരുത്തുക.

VII.1.7. കുഞ്ഞുങ്ങളിലെ വളർച്ചാ വൈകല്യങ്ങളും, ഭിന്നശേഷി ലക്ഷണങ്ങളും പ്രാഥമികമായി തിരിച്ചറിഞ്ഞ് കുടുംബാരോഗ്യ കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യുകയും തുടർ സേവനം നൽകുന്നു എന്ന് ഉറപ്പ് വരുത്തുക.

VII.1.8. കർമ്മ പദ്ധതി പ്രകാരം നിലവിലുള്ള മാർഗ്ഗരേഖകളും നിർദ്ദേശങ്ങളും അനുസരിച്ച് സ്കൂളുകൾ, അംഗൻവാടികൾ എന്നിവിടങ്ങളിൽ പ്രതിരോധ കുത്തിവയ്പ്പുകളും ക്ലിനിക്കുകളും സംഘടിപ്പിക്കേണ്ടതാണ്.

VII.1.9. പ്രതിരോധ കുത്തിവെയ്പെടുക്കാത്ത കുട്ടികളെ കണ്ടെത്തുകയും റിപ്പോർട്ട് ചെയ്യുകയും തിരുത്തൽ നടപടികൾ സ്വീകരിക്കുകയും വേണം.

VII.1.10. പോഷകകുറവുള്ള കുഞ്ഞുങ്ങളെ കണ്ടെത്തി, ചികിത്സ, തുടർ ചികിത്സ, തുടർ നിരീക്ഷണം എന്നിവ ചെയ്യേണ്ടതാണ്.

VII.1.11. ന്യൂട്രീഷൻ സപ്ലിമെന്റേഷൻ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

VII.1.12. വാക്സിൻ മൂലം തടയാവുന്ന രോഗങ്ങളുടെ (VPD) കണ്ടെത്തൽ, റഫറൽ, തുടർ പ്രവർത്തനങ്ങൾ എന്നിവ നടത്തേണ്ടതാണ്.

VII.1.13. തങ്ങളുടെ പ്രദേശത്തെ കൗമാരക്കാരുടെ മാനസിക, ശാരീരിക സുസ്ഥിതി ലക്ഷ്യമാക്കിയുള്ള പ്രതിരോധ വർദ്ധക പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

**VII.1.14.** സ്ത്രീകളിലെ പകർച്ചേതരവ്യാധി പരിപാലനം വ്യക്തിഗത, കുടുംബ സേവന പാക്കേജുകൾ പ്രകാരം നടപ്പിലാക്കുന്നതിൽ നേതൃത്വം വഹിക്കുക.

## VII.2. *രോഗ പ്രതിരോധ പ്രവർത്തനങ്ങൾ (Immunization Services)*

**VII.2.1.** വാക്സിനേഷനുമായി ബന്ധപ്പെട്ട് കുടുംബാരോഗ്യ കേന്ദ്രം മുതൽ ഗുണഭോക്താവിൽ എത്തുന്നതുവരെയുള്ള ശീതശൃംഖല സംരക്ഷണം പബ്ലിക് ഹെൽത്ത് നഴ്സിന്റെ ഉത്തരവാദിത്തമാണ്. ഐ.എൽ.ആർ-ന്റെ താപനില ദിനം തോറും രേഖപ്പെടുത്തുന്നത് (മെയിൻ സെന്റർ ജെ.പി.എച്ച്.എൻ/മെഡിക്കൽ ആഫീസർ നിർദ്ദേശിക്കുന്ന മറ്റ് ഉദ്യോഗസ്ഥർ) മേൽനോട്ടം വഹിക്കേണ്ടതാണ്.

**VII.2.2** ദേശീയ/സംസ്ഥാന മാർഗ്ഗരേഖകൾക്കനുസരിച്ച് കുടുംബാരോഗ്യ കേന്ദ്രം, സബ്സെന്റർ, സ്കൂൾ, ഫീൽഡ്, ഇമ്മ്യൂണൈസേഷൻ പരിപാടികൾ സംഘടിപ്പിക്കുക.

**VII.2.3** പ്രദേശത്ത് വാക്സിനേഷൻ ലഭിക്കാത്ത (പൂർണ്ണമായും ഭാഗികമായും) ഗർഭിണികളെയും കുട്ടികളെയും കണ്ടെത്തുകയും അവർക്ക് പരിപൂർണ്ണമായും വാക്സിൻ ലഭിക്കാൻ വേണ്ട തിരുത്തൽ നടപടികൾ സ്വീകരിക്കുക.

**VII.2.4** പ്രവർത്തന പ്രദേശത്ത് സമ്പൂർണ്ണ വാക്സിനേഷൻ ഉറപ്പു വരുത്താൻ വേണ്ട ബോധവൽക്കരണ/ശീലവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

## VII.3. *സ്ത്രീകളിലെ ജീവിതശൈലീ രോഗങ്ങൾ*

**VII.3.1** പ്രമേഹവും രക്താതിമർദ്ദവും നിയന്ത്രിക്കുന്നതിനുള്ള സമഗ്ര പ്രാഥമികാരോഗ്യപരിരക്ഷ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുക.

- സ്ത്രീകളിലെ ജീവിതശൈലീ രോഗങ്ങളുടെ പ്രതിരോധവും ആരോഗ്യ വർദ്ധക പ്രവർത്തനങ്ങൾ
- പ്രദേശത്തെ ജനസംഖ്യാടിസ്ഥാനത്തിൽ സ്ക്രീനിംഗ് പ്രവർത്തനങ്ങൾ
- കണ്ടെത്തിയ രോഗികളെ സമയബന്ധിതമായി കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് റഫർ ചെയ്യുക
- കണ്ടെത്തിയ രോഗികളെ എൻ.സി.ഡി.ക്ലിനിക്കിൽ പേര് രജിസ്റ്റർ ചെയ്യുകയും ഉപകേന്ദ്രം വഴി തുടർ ചികിൽസ ഉറപ്പാക്കുകയും ചെയ്യുക
- കുടുംബാരോഗ്യ കേന്ദ്രത്തിൽ നിന്ന് ഓരോ രോഗിക്കും പ്രത്യേകമായി വിതരണം ചെയ്ത മരുന്നുകൾ ഉപകേന്ദ്രത്തിൽ സൂക്ഷിച്ച് മുടക്കം വരാതെ രോഗിക്ക് ലഭ്യമാക്കുക
- മാർഗ്ഗരേഖ പ്രകാരം അപകട ലക്ഷണങ്ങൾ കണ്ടുപിടിക്കുകയും തുടർ ചികിൽസ ഉറപ്പാക്കുകയും ചെയ്യുക

- ജീവിതശൈലിയിൽ മാറ്റം വരുത്താൻ വേണ്ട ബോധവൽക്കരണ, ശീലവൽക്കരണ പരിപാടികൾ നടപ്പിലാക്കുക

**VII.3.2 *ആസ്ത്മ, സി.ഒ.പി.ഡി. രോഗങ്ങളുടെ പ്രതിരോധവും നിയന്ത്രണവും – ശ്വാസ് പരിപാടിയുടെ മേൽനോട്ട പ്രവർത്തനങ്ങൾ***

- ആരോഗ്യ വർദ്ധക പ്രതിരോധ നടപടികൾ സ്വീകരിക്കുക
- ആസ്ത്മ, സി.ഒ.പി.ഡി. ഉള്ള സ്ത്രീകളെയും കുട്ടികളെയും കണ്ടെത്തി കുടുംബാരോഗ്യ കേന്ദ്രത്തിലെ ശ്വാസ് ക്ലിനിക്കിലേക്ക് റഫർ ചെയ്യുക
- പുതിയ രോഗികളെ സബ്സെന്റർ ക്ലിനിക്കിൽ രജിസ്റ്റർ ചെയ്യുക
- രോഗികൾക്ക് സബ്സെന്ററിലും ഫീൽഡിലും തുടർ സേവനം ഉറപ്പു വരുത്തുക

**VII.3.3 *മാനസികരോഗ പ്രതിരോധവും നിയന്ത്രണ പരിപാടികളുടെ മേൽനോട്ടം***

- പ്രവർത്തന പ്രദേശത്ത് സ്ക്രീനിംഗ് ചാർട്ട് ഉപയോഗിച്ച് വിഷാദരോഗ ലക്ഷണമുള്ള സ്ത്രീകളെയും കുട്ടികളെയും കണ്ടെത്തുക
- കുടുംബാരോഗ്യ കേന്ദ്രത്തിലെ 'ആശ്വാസ്' ക്ലിനിക്കിലേക്ക് റഫർ ചെയ്യുക
- ആത്മഹത്യാ പ്രവണത, ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം ഇവ തടയുന്നതിന് വേണ്ട ബോധവൽക്കരണ ശീലവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക
- രോഗികൾ കൃത്യമായി മരുന്ന് കഴിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക
- വിവിധ വകുപ്പുകൾ/ഏജൻസികൾ മുഖേന പുനരധിവാസ സാധ്യതകൾ ഏകോപിപ്പിക്കുക

**VII.3.4. *ക്യാൻസർ പ്രതിരോധവും നിയന്ത്രണ പരിപാടികളുടെ മേൽനോട്ടം***

- സ്തനാർബുദം, ഗർഭാശയ ഗളാർബുദം എന്നിവ നിയന്ത്രിക്കുന്നതിന് ആരോഗ്യ വർദ്ധക പ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക
- സ്ത്രീകളിലെ ക്യാൻസർ പ്രാഥമിക നിർണ്ണയം നടത്തുന്നതിന് സ്ക്രീനിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുക
- ക്യാൻസർ രോഗം സംശയിക്കുന്നവരെ കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് റഫർ ചെയ്യുക
- തുടർ ചികിത്സയും പുനരധിവാസ സേവനവും ഉറപ്പ് വരുത്തുക
- ക്യാൻസർ നിയന്ത്രണത്തിന് ബോധവൽക്കരണ/ശീലവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക

## VII.4. മുതിർന്ന സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങളും, സാന്ത്വന ചികിൽസയും നൽകുന്നതിൽ മേൽനോട്ടം

VII.4.1 പ്രദേശത്തെ മുതിർന്ന സ്ത്രീകളെ കണ്ടെത്തലും വിവര ശേഖരണവും

VII.4.2 സബ്സെന്ററുകളിൽ സ്ത്രീകൾക്കായുള്ള വെൽവുമൺ ക്ലിനിക്കുകൾ നിശ്ചിത ദിനങ്ങളിൽ നടത്തുക

VII.4.3 മുതിർന്ന സ്ത്രീകളിലെ വിവിധയിനം ആരോഗ്യ പ്രശ്നങ്ങളെ മനസ്സിലാക്കുകയും, മാർഗ്ഗരേഖകൾക്കനുസരിച്ച് ചികിത്സ ഉറപ്പാക്കുകയും ചെയ്യുക

VII.4.4 മുതിർന്ന സ്ത്രീജനങ്ങളുടെ കൂട്ടായ്മകൾ സംഘടിപ്പിക്കുക

VII.4.5 സാന്ത്വന പരിചരണത്തിനർഹരായ എല്ലാ രോഗികളെയും കണ്ടെത്തി രജിസ്റ്റർ ചെയ്യുക

VII.4.6 പാലിയേറ്റീവ് ഗൃഹസന്ദർശനത്തിൽ പങ്കാളിയാവുക

VII.4.7 രോഗീ പരിചാരകർക്ക് അവബോധവും, പിന്തുണയും നൽകുക

VII.4.8 പുന:രധിവാസ സേവനങ്ങൾ ഉറപ്പാക്കുക

VII.4.9 തിമിര ശസ്ത്രക്രിയയ്ക്ക് അർഹരായവരെ കണ്ടെത്തി ക്യാമ്പുകളിലേക്ക് റഫർ ചെയ്യേണ്ടതാണ്

## VII.5. സ്ത്രീകളുടെയും കുട്ടികളുടെയും പുന:രധിവാസ സേവനങ്ങൾ

VII.5.1 പ്രദേശത്തെ സ്ത്രീകളുടെയും കുട്ടികളുടെയും പുന:രധിവാസ ആവശ്യങ്ങൾ തിരിച്ചറിയുകയും അവ ലഭ്യമാക്കാൻ വേണ്ടി സൗകര്യങ്ങളും, പിന്തുണയും നൽകുക

VII.5.2 ശുശ്രൂഷയും തുടർ ചികിൽസയും ഉറപ്പ് വരുത്തുക

VII.5.3 വിവിധ വകുപ്പുകൾ, മിഷനുകൾ, ഏജൻസികൾ മുഖാന്തരം ലഭ്യമാകുന്ന സേവനങ്ങൾ കൂട്ടി യോജിപ്പിച്ച് സമഗ്ര പരിരക്ഷ ഉറപ്പ് വരുത്തുക

## VII.6. സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ

VII.6.1 പ്രവർത്തന പ്രദേശത്ത് നിലനിൽക്കുന്ന സ്ത്രീകർത്തൃ ശേഷികളെ കണ്ടെത്തുകയും വിവിധ ആരോഗ്യ അനുബന്ധ പ്രവർത്തനങ്ങളിൽ ഇവരുടെ പങ്കാളിത്തം ഉറപ്പാക്കുകയും വേണം

VII.6.2 സ്ത്രീകളുടെയും പെൺകുട്ടികൾക്കുമിടയിലുള്ള ആത്മഹത്യ പ്രവണത, അവർക്ക് നേരെയുള്ള ഗാർഹിക പീഡനം, ലൈംഗിക അതിക്രമങ്ങൾ എന്നിവ തിരിച്ചറിയുകയും വിവിധ തലങ്ങളിലുള്ള ജാഗ്രതാസമിതികൾ,

ഭൂമിക സെന്ററുകൾ എന്നിവയുടെ സഹായത്തോടെ ഗുണപരമായ ഇടപെടൽ ഉറപ്പാക്കുകയും വേണം

**VII.6.3** പാർശ്വവൽക്കരിക്കപ്പെട്ട സ്ത്രീകളുടെ (തീരദേശ, ആദിവാസി, നഗര ചേരികളിലെ) സുസ്ഥിതിക്ക് പ്രത്യേക പരിഗണന കൊടുക്കേണ്ടതാണ്

**VII.6.4** പ്രവർത്തന പ്രദേശത്ത് സാമൂഹ്യ സുരക്ഷയും, സംരക്ഷണവും ആവശ്യമുള്ള സ്ത്രീകളേയും കുട്ടികളെയും കണ്ടെത്തുകയും വ്യത്യസ്ത വകുപ്പുകൾ (സാമൂഹ്യ നീതി വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, പോലീസ്) വിവിധ മിഷനുകൾ, ഏജൻസികൾ എന്നിവയുടെ സഹായത്തോടെ സംരക്ഷണം ഉറപ്പാക്കുകയും വേണം

**VII.6.5** സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനായുള്ള ബോധവൽക്കരണ/ശീലവൽക്കരണ പരിപാടികൾ നടത്തുക

## VIII <u>കേന്ദ്രാവിഷ്കൃത - സംസ്ഥാന ആരോഗ്യ പദ്ധതികളുടെ നടത്തിപ്പ്</u>

**VIII.1** സ്ത്രീകളുടെയും കുട്ടികളുടെയും കൗമാര പ്രായക്കാരുടെയും ആരോഗ്യ സംബന്ധമായ എല്ലാ കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളും നടപ്പിലാക്കുന്നു എന്ന് പബ്ലിക് ഹെൽത്ത് നഴ്സ് ഉറപ്പ് വരുത്തേണ്ടതാണ്.

**VIII.2** ഇന്റഗ്രേറ്റഡ് ഡിസീസ് സർവ്വൈലൻസ് പ്രോഗ്രാമിൽ (IDSP) –ജെ.പി.എച്ച്. എൻ പങ്കെടുക്കുന്നു എന്ന് ഉറപ്പ് വരുത്തുക.

**VIII.3** വിവിധയിനം ലൈംഗിക രോഗങ്ങളെ (RTI/STI) കുറിച്ചുള്ള ബോധവത്കരണ, അവബോധ ക്ലാസ്സുകൾ നടത്തേണ്ടതാണ്.

**VIII.4** NACP മാർഗ്ഗരേഖകൾ പ്രകാരം രോഗസാധ്യതയുള്ള സ്ത്രീകളെ കണ്ടെത്തി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

**VIII.5** പകർച്ചവ്യാധി / പകർച്ചേതരവ്യാധി പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കെടുക്കുക. "ജാഗ്രതാ" പരിപാടികൾ സംഘടിപ്പിക്കുക.

**VIII.6** സ്ത്രീകളിൽ പ്രമേഹവും രക്താതിമർദ്ദവും പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ഉള്ള പദ്ധതികൾ സംഘടിപ്പിക്കുക.

**VIII.7** ശ്വാസ കോശരോഗങ്ങൾ, അർബുദങ്ങൾ, വിഷാദരോഗം എന്നിവയുടെ പ്രതിരോധ പ്രവർത്തനങ്ങളിലും പ്രാഥമിക നിർണ്ണയത്തിലും നേതൃത്വം വഹിക്കുക.

**VIII.8** സ്ത്രീകളിലെ സ്തനാർബുദം, ഗർഭാശയ ഗളാർബുദം എന്നിവയുടെ നിയന്ത്രണവും, പ്രാഥമിക നിർണ്ണയവും നടപ്പിലാക്കുക.

## IX. പൊതുജനാരോഗ്യ /ആരോഗ്യ അനുബന്ധ നിയമങ്ങളുടെ നടത്തിപ്പ്

പ്രവർത്തന പ്രദേശത്ത് POCSO Act, ഗാർഹിക പീഡന നിരോധന നിയമം, PC&PNDT Act, ശൈശവ വിവാഹ നിരോധന നിയമം, ബാലാവകാശ നിയമം, ബാലവേല നിരോധന നിയമം, MTP Act, ജോലി സ്ഥലത്ത് സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക അതിക്രമം തടയൽ എന്നീ നിയമങ്ങളുടെ ലംഘനം കണ്ടെത്തി ജെ.പി.എച്ച്.എൻ നൽകിയ റിപ്പോർട്ട് പരിശോധിച്ച് നടപടി സ്വീകരിക്കുകയും മേലധികാരികളെ അറിയിക്കുകയും ചെയ്യുക.

## X. സംയോജനം

പ്രവർത്തന പ്രദേശത്ത്, നവകേരള കർമ്മ പദ്ധതി (ഹരിത കേരളം, ലൈഫ്, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ആർദ്രം മിഷൻ), പഞ്ചായത്ത് തല ജാഗ്രത സമിതി, നിർഭയ ഹോമുകൾ, ഷോർട്ട് സ്റ്റേ ഹോമുകൾ, ഭൂമിക (One Stop Crisis Management Centre) മറ്റ് ഏജൻസികൾ, സന്നദ്ധ സംഘടനകൾ, ആരോഗ്യ സേന, ആശ, മറ്റു സഹായ സംഘടനകൾ എന്നിവയുടെ പ്രവർത്തന സംയോജനത്തോടെ സ്ത്രീകളുടെയും കുട്ടികളുടെയും സുസ്ഥിതി ഉറപ്പ് വരുത്തുക. പകർച്ചവ്യാധി, പകർച്ചേതരവ്യാധി, പ്രതിരോധ വർദ്ധക പ്രവർത്തനത്തിലും ആരോഗ്യത്തെ ബാധിക്കുന്ന സാമൂഹിക ഘടകങ്ങളെ സംബോധന ചെയ്യുന്നതിലും പങ്കാളിയാകേണ്ടതാണ്.

## XI കോൺഫറൻസും പരിശീലനവും

### XI.1 പി.എച്ച്.എനും, എച്ച്.ഐ.യും താഴെ പറയുന്ന യോഗങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

ഹാഫ്ഡേ സോണൽ, ഫുൾഡേ സോണൽ യോഗങ്ങൾ സംഘടിപ്പിച്ച് അവയുടെ റിപ്പോർട്ടുകൾ അടുത്ത പ്രവൃത്തി ദിവസം തന്നെ മെഡിക്കൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ഈ യോഗങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും മുൻകൂർ നിശ്ചയിച്ച പ്രകാരം ക്രമാനുസൃതമായി നടത്തേണ്ടതാണ്.

### XI.2 കുടുംബാരോഗ്യ കേന്ദ്രത്തിലെ മാസാവലോകന യോഗം

- പി.എച്ച്.എൻ, എച്ച്.ഐ എന്നിവർ മാസാവലോകന യോഗം സംഘടിപ്പിക്കാൻ മെഡിക്കൽ ഓഫീസറെ സഹായിക്കേണ്ടതാണ്.
- കൺകറന്റ്/കൺസിക്യൂട്ടീവ് സൂപ്പർവിഷൻ, പതിവ് പരിശോധന, കണ്ടെത്തിയ സേവന വിടവുകൾ, പരിഹാര നടപടികൾ എന്നിവയുടെ റിപ്പോർട്ട് മാസാവലോകന യോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്.

- അഡ്വാൻസ് ടൂർ പ്രോഗ്രാം തയ്യാറാക്കി അവതരിപ്പിക്കേണ്ടതാണ്.
- യോഗ ചർച്ചകളുടെ വെളിച്ചത്തിൽ പി.എച്ച്.എനും എച്ച്.ഐയും ചേർന്ന് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പ്രതിമാസകർമ്മപദ്ധതി പൂർത്തിയാക്കി അവതരിപ്പിക്കേണ്ടതാണ്.

**XI.3** അംഗൻവാടികളിൽ നടക്കുന്ന മാതൃ സംഗമങ്ങളിലും ഐ.സി.ഡി.എസ്. സെക്ടറൽ മീറ്റിംഗുകളിലും പങ്കെടുക്കേണ്ടതാണ്.

- അംഗൻവാടി പ്രവർത്തകർക്ക് സമകാലിക പ്രാധാന്യമുള്ള ആരോഗ്യ വിഷയങ്ങളെ സംബന്ധിച്ച് തുടർ വിദ്യാഭ്യാസ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

**XI.4** തദ്ദേശ സ്വയംഭരണ സ്ഥാപനം നടത്തുന്ന ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട യോഗങ്ങളിൽ നിർദ്ദേശാനുസരണം പങ്കെടുക്കുക.

**XI.5** വകുപ്പുതല എല്ലാ ഔദ്യോഗിക യോഗങ്ങളിലും നിർദ്ദേശാനുസരണം പങ്കെടുക്കുക.

**XI.6** ആശാ, ആരോഗ്യസേനാ അംഗങ്ങൾ, സാമൂഹിക നേതാക്കൾ എന്നിവരുടെയും പദ്ധതി ഗുണഭോക്താക്കളുടെ യോഗങ്ങളും സംഘടിപ്പിക്കുക.

**XI.7** നിർദ്ദേശാനുസരണം എല്ലാ തലത്തിലുമുള്ള പരിശീലനങ്ങളിൽ പങ്കെടുക്കേണ്ടതാണ്.

**XI.8** ജെ.പി.എച്ച്.എൻ, ജെ.എച്ച്.ഐ, ആശാ, അംഗൻവാടി പ്രവർത്തകർ, ആരോഗ്യസേന തുടങ്ങി സമൂഹത്തിലെ എല്ലാ പ്രവർത്തക സംഘങ്ങൾക്കും തുടർ പരിശീലനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

**XII പ്രകൃതി ദുരന്തങ്ങൾ, പകർച്ചവ്യാധി വ്യാപനം, തുടങ്ങിയ പൊതുജനാരോഗ്യ അടിയന്തര ഘട്ടങ്ങളിലും പ്രത്യേക ക്യാംമ്പയിനുകളിലും മേൽപറഞ്ഞവയിൽ പെടാത്ത ഉത്തരവാദിത്തങ്ങളും മേലധികാരികളുടെ നിർദ്ദേശമനുസരിച്ച് നിർവ്വഹിക്കേണ്ടതാണ്.**

**XIII മെഡിക്കൽ ഓഫീസർ/മേലധികാരികളുടെ ആവശ്യ പ്രകാരം മേൽ പറഞ്ഞ ചുമതലകളുമായി സാങ്കേതിക ബന്ധമുള്ള മറ്റ് ഉത്തരവാദിത്തങ്ങളും നിർവ്വഹിക്കാൻ ബാധ്യസ്ഥരാണ്.**